DESPATCHED On. 18/10/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 816(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 9599/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഒക്ടോബർ 14

ശ്രീ. ജയിക്കബ് മാത്യു
വടക്കേൽ വീട്,
വടകോട് പി.ഒ.
ഈസ്റ്റ് എൻഡ് കൊച്ചി,
കങ്ങരപ്പടി, കൊച്ചി – 682021.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
ആലപ്പുഴ.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
എസ്.എച്ച്.ഒ.,
മണ്ണഞ്ചേരി പോലീസ് സ്റ്റേഷൻ, ആലപ്പുഴ.
3) അപ്പീൽ അധികാരി &
ജില്ലാ പോലീസ് മേധാവി,
ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയം,
ആലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 27/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/05/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09/05/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 11/06/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 20/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/06/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/07/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/07/2022, 21/07/2022 |
| ഹിയറിംഗ് നടന്ന തീയതി | 12/10/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ.മാർ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ജയിക്കബ് മാത്യു, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്നും തുടർന്ന് നൽകിയ ഒന്നാം അപ്പീൽ ടിയാനെ നേരിൽ കേൾക്കാതെ തീർപ്പാക്കിയെന്നും ഉത്തരവിന്റെ

കൂടെ മൊഴിപ്പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ലെന്നും ആയത് കമ്മീഷൻ ഇടപെട്ട് തൃപ്തികരമായ മറുപടി ലഭ്യമാക്കി നൽകണമെന്നും ടിയാന്റെ അപേക്ഷയ്ക്ക് കാലതാമസം വരുത്തി മറുപടി നൽകിയതിന് പിഴശിക്ഷ ഈടാക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 27.04.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 14.12.2021 തീയതി ജയിക്കബ് മാത്യു., വടക്കേൽ വീട്, വടകോട് പി.ഒ., കങ്ങരപ്പടി എന്ന വിലാസം വെച്ച് ഇ-മെയിലിൽ സൂപ്രണ്ട് ഓഫ് പോലീസ്, ആലപ്പുഴ എന്ന ഓഫീസറെ സ്വീകർത്താവായി ചേർത്തുകൊണ്ട് മരണത്തിൽ അസ്വാഭാവികത സംശയിക്കപ്പെട്ടിട്ടുള്ള പരാതി/അടിയന്തിര ഹർജി ലഭിച്ചിരുന്നോ എന്നും പരാതി നമ്പർ നൽകിയിട്ടുണ്ടെങ്കിൽ നമ്പർ നൽകണമെന്നും

ii. മേൽ തീയതിയിലുള്ള പരാതി/അടിയന്തിര ഹർജിക്ക് രേഖപ്പെടുത്തിയിരിക്കുന്ന പരാതി നമ്പർ പരാതിക്കാരനെ രേഖാമൂലം അറിയിച്ചിരുന്നോ എന്നും പരാതിക്കാരനെ രേഖാമൂലം അറിയിക്കാതിരുന്നതിന്റെ വിശദീകരണം/വിവരണം തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 12.05.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, വിവരാവകാശ അപേക്ഷയിലെ 1 മുതൽ 3 വരെയുള്ളവയ്ക്ക് മറുപടി നൽകിയിട്ടുള്ളതായും ക്രമനമ്പർ 4 മുതൽ 7 വരെയുള്ള വിവരങ്ങൾ മണ്ണഞ്ചേരി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടതാകയാൽ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ മൂന്നാം എതിർകക്ഷി മുമ്പാകെ 09.05.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 11.6.2022 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ മൂന്നാം എതിർകക്ഷി പ്രസ്താവിച്ചത്, ശ്രീ. ജേക്കബ് മാത്യു എന്നയാളുടെ അപ്പീൽ അപേക്ഷ പരിശോധിച്ചതിൽ, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. മറുപടി നൽകിയില്ലാ എന്നും അടിയന്തിരമായി മറുപടി ലഭ്യമാക്കി നൽകണമെന്നും മറുപടി നൽകാതിരുന്ന എസ്.പി.ഐ.ഒ.ക്കെതിരെ നടപടി കൈക്കൊള്ളണമെന്നുമാണ്. 29.4.2022 തീയതി ടി കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷയ്ക്ക് ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. 12.5.2022-ന് മറുപടി നൽകിയിട്ടുള്ളതാണെന്നും ടിയാന്റെ അപേക്ഷയിലെ 1 മുതൽ 4 വരെ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുകയും ക്രമ നമ്പർ 7 വരെയുള്ള വിവരങ്ങൾ മണ്ണഞ്ചേരി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടതാകയാൽ ടി ഓഫീസിലെ

എസ്.പി.ഐ.ഒ.യ്ക്ക് വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം അയച്ചു കൊടുത്തിട്ടുള്ളതാണെന്നും അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും കാണുന്നു. ടി വിവരങ്ങൾ അപേക്ഷകന്റെ ജീവിതത്തിനും സ്വാതന്ത്ര്യത്തിലും ഏതെങ്കിലും വിധത്തിൽ ഹാനികരമാകുന്നതാണെന്ന് വെളിവായിട്ടില്ലെന്നും ആയതിനാൽ ആലപ്പുഴ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. സ്വീകരിച്ച നടപടിയിൽ അപാകത കാണുന്നില്ലെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 18.7.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജേക്കബ് മാത്യു സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള വിവരങ്ങൾ ജില്ലാ പോലീസ് ഓഫീസിലെ എസ്.പി.ഐ.ഒ. 12.5.2022-ന് GI(c)30430/2022 പ്രകാരം നൽകിയിട്ടുള്ളതാണെന്നും 4 മുതൽ 7 വരെ ആവശ്യപ്പെട്ട വിവരങ്ങൾ മണ്ണഞ്ചേരി പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടതാകയാൽ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം മേൽപ്പടി പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ.യ്ക്ക് നൽകിയിട്ടുള്ളതുമാണെന്നും ടി അപേക്ഷയിൽ പരാമർശിച്ചിരുന്ന 14.12.2021 തീയതിയിൽ ജില്ലാ പോലീസ് മേധാവിക്ക് സമർപ്പിച്ച പരാതിയും ആയതിന്മേൽ മണ്ണഞ്ചേരി പോലീസ് ഇൻസ്പെക്ടർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ ടി പരാതി കക്ഷിയുടെ മാതാവിന്റെ സഹോദരന്റെ അസ്വാഭാവികത മരണവുമായി ബന്ധപ്പെട്ടതാണെന്ന് വെളിവായിട്ടുള്ളതാണെന്നും ടി പരാതി മണ്ണഞ്ചേരി പോലീസ് ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ ടിയാൾ മരണപ്പെട്ടത് വാർദ്ധക്യ സഹജമായ അസുഖങ്ങളുടെ കൂടെ കോവിഡ് പോസിറ്റീവ് ആയത് മൂലമാണെന്നും മരണത്തിൽ അസ്വാഭാവികത ഇല്ലെന്നും കണ്ടെത്തിയിട്ടുള്ളതുമാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ ജില്ലാ പോലീസ് ഓഫീസിൽ ലഭ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി വിവരാവകാശ നിയമത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിൽ ഏതെങ്കിലും രേഖകളുടെ പകർപ്പുകൾ നൽകേണ്ടതായിട്ടില്ലാത്തതിനാലാണ് മറുപടി കത്ത് പ്രത്യേകമായി സാക്ഷ്യപ്പെടുത്തി നൽകാതിരുന്നതെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ജേക്കബ് മാത്യു എന്ന വ്യക്തി ടിയാന്റെ അമ്മയുടെ സഹോദരനായ 81 വയസ്സുള്ള ശ്രീ.എം.റ്റി. മാത്യുവിന്റെ മരണത്തിൽ അസ്വാഭവികതയുണ്ടെന്നും അത് സംബന്ധിച്ച് അന്വേഷിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ ജില്ലാ പോലീസ് മേധാവിക്ക് പരാതി നൽകുകയും ടി പരാതി 21.1.2022 തീയതി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും മണ്ണഞ്ചേരി പോലീസ് സ്റ്റേഷനിലേക്ക് അയച്ച് നൽകിയിട്ടുള്ളതാണെന്നും ടി പരാതി

രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയതിൽ മരണപ്പെട്ട എം.റ്റി.മാത്യു വാർദ്ധക്യസഹജമായ അസുഖങ്ങളെയും തുടർന്ന് മരണപ്പെട്ട് പോയിട്ടുള്ളതുമാണ്. ആലപ്പുഴ പാതിരപ്പള്ളി ഭാഗത്ത് നാഷണൽ ഹൈവേ സൈഡിലുള്ള എം.റ്റി.മാത്യുവിന്റെ പേരിലുള്ള സ്ഥലം ഹൈവേ വികസനത്തിന്റെ ഭാഗമായി ഗവൺമെന്റ് ഏറ്റെടുക്കുകയും അതിന്റെ ഭാഗമായി നഷ്ടപരിഹാരമായി ലഭിക്കുന്ന തുക എം.റ്റി.മാത്യുവിന്റെ മരുമകളായ ലാലിയുടെ പേരിൽ ലഭിക്കുന്നതിനുള്ള നടപടികൾ ചെയ്തിട്ടുള്ളതുമാണെന്നുമാണ്. എം.റ്റി.മാത്യുവിന്റെ മരണത്തിൽ അസ്വാഭവികതയുണ്ടെന്നും ആയത് സംബന്ധിച്ച് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആലപ്പുഴ ജില്ലാ പോലീസ് മേധാവി, ജില്ലാ കളക്ടർ എന്നിവർക്ക് ടിയാൻ പരാതി നൽകിയത് നഷ്ടപരിഹാരമായി ലഭിക്കുന്ന വലിയ തുക എം.റ്റി. മാത്യുവിന്റെ മരുമകളായ ലാലിക്കും കുടുംബത്തിനും മാത്രമായി ലഭിക്കാതെയിരിക്കുന്നതിനും വേണ്ടിയാണെന്ന് അന്വേഷണത്തിൽ അറിവായിട്ടുള്ളതാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വ്യക്തിഗത വിവരങ്ങളും മറിയാമ്മ മാത്യു, മരുമകൾ ലാലി, ലാലിയുടെ മക്കൾ എന്നിവർ നൽകിയ മൊഴിയുടെ പകർപ്പുകൾ ഒഴികെ സ്റ്റേഷനിൽ ലഭ്യമായതും അപേക്ഷകനു വിവരാവകാശ നിയമപ്രകാരം നൽകാൻ സാധിക്കുന്നതുമായ എല്ലാ രേഖകളും വിവരങ്ങളും ഹർജിക്കാരന് നൽകിയിട്ടുള്ളതുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ട വേളയിൽ ഹർജിക്കാരന് എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും നൽകിയ മറുപടി ക്രമപ്രകാരമാണെന്ന് കാണുന്നതിനാൽ കമ്മീഷൻ ഇതിൽ ഇടപെടേണ്ടതില്ലെന്ന് കാണുന്നു. ആയതിനാൽ ബന്ധപ്പെട്ട അധികാരികളെ സമീപിച്ച് പരിഹാരം കാണാൻ ഹർജിക്കാരനോട് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതേ സമയം വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം അയച്ച കത്തിന്റെ പകർപ്പ് ഹർജിക്കാരനും കമ്മീഷനും 25.10.2022-നകം അയച്ചു നൽകാൻ ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഒക്ടോബർ മാസം 14-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION